പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1035

02/12/2015-ലെ
മറുപടിയ്ക്ക്.

**<u>പട്ടികജാതി കുടുംബങ്ങൾക്ക് ടോയ് ലറ്റ്</u>**

| **ചോദ്യം**<br><br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. വർക്കല കഹാർ** | | **ഉത്തരം**<br><br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ് ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ് ലറ്റ് നിർമ്മിക്കുന്നതിന് 2012-13, 2013-14 , 2014-15, വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 2015-16 ൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | വാസയോഗ്യമായ വീടുള്ളവരും ശുചിത്വമുള്ള ടോയ് ലറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതികുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിച്ചത് . 25000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത് . 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് ഭൗതീകലക്ഷ്യം നിശ്ചയിക്കുകയും ആവശ്യമായ ഫണ്ട് ജില്ലകൾക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു.<br>2015-16 സാമ്പത്തിക വർഷം 15000 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം ടോയ് ലറ്റ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | ടോയ് ലറ്റ് നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലക്കാണ് ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കേണ്ടത് . |

Sabi K.T

സെക്ഷൻ ഓഫീസർ